(Pages : 3) **F – 1815**

Reg. No. : ..............................

Name : ..................................

# First Semester B.A./B.Sc. Degree Examination, November 2018
## First Degree Programme Under CBCSS
## MALAYALAM LANGUAGE
## Language Course – II-Additional Language – I
## ML 1111.1 : മലയാളകവിത
## (2018 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1) 'ചണ്ഡാലഭിക്ഷുകി'യിലെ പ്രധാന കഥാപാത്രങ്ങൾ ?

2) മലയാളകവിതാ സാഹിത്യചരിത്രം എന്ന ഗ്രന്ഥത്തിന്റെ രചിയിതാവ് ?

3) കാച്ചിക്കുറുക്കിയ കവിതകളെന്നു വൈലോപ്പിള്ളിക്കവിതകളെ വിശേഷിപ്പിച്ചതാര് ?

4) 2007-ലെ ജ്ഞാനപീഠ പുരസ്കാരത്തിനർഹനായ മലയാളകവി ആര് ?

5) ശക്തിയുടെ കവി എന്നറിയപ്പെടുന്നതാര് ?

6) 'വേനലിൽ ഒരു പുഴ' എന്ന കൃതി ആരുടേതാണ് ?

7) ഇടപ്പള്ളിക്കവികൾ എന്നറിയപ്പെടുന്നവർ ആരൊക്കെ ?

8) കടമ്മനിട്ട ഒക്ടോവിയോ പാസിന്റെ 'സൺസ്റ്റോൺ' എന്ന കൃതിക്കു നടത്തിയ മലയാളപരിഭാഷയുടെ പേര് ?

9) ആധുനികമലയാള കവിതയുടെ ആധാരശിലയായി കണക്കാക്കപ്പെടുന്ന അയ്യപ്പപ്പണിക്കരുടെ കവിത.

10) കുറേക്കൂടി നീണ്ട കവിതകൾ എന്ന കാവ്യസമാഹാരം ആരുടേതാണ് ? **(10×1=10 മാർക്ക്)**

P.T.O.

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11) ''ഗോപികേ നീയില്ലെങ്കിൽ
നിൻ വ്രത ഭക്തിയില്ലെങ്കിൽ
ഈ ശ്യാമകൃഷ്ണൻ വെറും കരിക്കട്ട'' – സൂചിതാശയം വ്യക്തമാക്കുക.

12) ''മദാന്ധകാരം മാറീലാ, മിഴിതുറന്നു പൂർണത കണ്ടീലാ'' – കവി ഇങ്ങനെ പറയുന്നതെന്തുകൊണ്ട് ?

13) ''ദയനീയം കർഷകൻ വിളയിച്ച കണ്ടത്തിൽ
നിയമം നടത്തുന്നു കയ്യേറ്റം'' – സൂചിതാശയമെന്ത് ?

14) ആതിര വരുന്നേരം ഒരുമിച്ചു കൈകോർത്ത് എതിരേൽക്കണമെന്ന് സഖിയോട് കവി പറയുന്നതെന്തുകൊണ്ട് ?

15) ''കാറ്റിനാൽക്കുന്തളം ചീകിച്ചിരിച്ചങ്ങു
കാട്ടിലെസ്സുന്ദരി പാഞ്ഞുപോയാൾ'' – സന്ദർഭം വിശദമാക്കുക.

16) ഉണ്ണിയാർച്ചയുടെ മുഖം വാടാൻ കാരണമെന്ത് ?

17) ''ജാതി ചോദിക്കുന്നില്ല ഞാൻ സോദരി!
ചോദിക്കുന്നു നീർ നാവു വരണ്ടഹോ !'' – ആരുടെ വാക്കുകൾ ? സന്ദർഭം വ്യക്തമാക്കുക.

18) 'പിടയുന്ന കാലത്തിൻ ശ്വാസ വേഗങ്ങളിൽ
പിടിവിട്ടുഴലുവോർ നമ്മൾ'' – വിവക്ഷിതം വ്യക്തമാക്കുക.

19) ''നിങ്ങൾക്കിതൊന്നും മനസ്സിലാവുന്നില്ല
നിങ്ങളെലികളൊ മാനുഷരോ ?'' – സൂചിതമെന്ത് ?

20) 'മാരകപ്രണയം പോലെത്തുന്ന മൊബൈൽഫോണിനേ'ക്കുറിച്ചുള്ള കവിയുടെ ചിന്തകൾ എന്തെല്ലാം ?

21) ''നിന്നുടലിന്നംഗമായ് വന്നു ഭൂമിയിൽ
നിന്നെച്ചവിട്ടി വളർന്നു......'' – സൂചിതാശയം വ്യക്തമാക്കുക.

22) ചങ്ങമ്പുഴക്കവിതയുടെ മാന്ത്രിക സൗന്ദര്യത്തിന് അടിസ്ഥാനമായ വസ്തുതകൾ ഏവ ?

**(8×2=16 മാർക്ക്)**

III. 120 വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23) പ്രകൃതിയോടുള്ള സ്നേഹവായ്പും കരുതലും ഒത്തുചേരുന്ന കവിതയാണ് 'ഒരു തൈ നടുമ്പോൾ' – സമർത്ഥിക്കുക.

24) 'ചാഞ്ഞുപെയ്യുന്ന മഴ' എന്ന കവിതയ്ക്ക് ഒരാസ്വാദനമെഴുതുക.

25) സർറിയലസ്റ്റിക് സങ്കേതങ്ങളുടെ ഫലപ്രദമായ ഉപയോഗംകൊണ്ട് ശ്രദ്ധേയമായ കവിതയാണ് 'നിനക്ക്' – വിശദമാക്കുക.

26) ജന്മിത്തത്തിനെതിരെയുള്ള സംഘടിത കർഷകരുടെ മുഴങ്ങുന്ന ശബ്ദമായി 'പുത്തൻകലവും അരിവാളും' മാറുന്നതെങ്ങനെ ?

27) എല്ലാ വർണവൈവിധ്യങ്ങളും നിറഞ്ഞ സഫലമായ അനുഭൂതിയാണ് ജീവിതം എന്ന പ്രഖ്യാപനമാണ് 'സഫലമീയാത്ര' – സമർത്ഥിക്കുക.

28) പ്രകൃതിക്കുമേൽ മനുഷ്യൻ നേടുന്ന വിജയത്തിന്റെ കഥയാണ് 'ജലസേചനം' എന്ന കവിത – ഈ അഭിപ്രായം പരിശോധിക്കുക.

29) ജാത്യാചാരങ്ങളുടെ അർത്ഥശൂന്യത വെളിവാക്കുന്ന കവിതയെന്ന വിശേഷണം ചണ്ഡാലഭിക്ഷുകിക്ക് എത്രമാത്രം അനുയോജ്യമെന്ന് പരിശോധിക്കുക.

30) മനുഷ്യന്റെ വികലവും ദീർഘദർശനരഹിതവുമായ പ്രവൃത്തികൾ അവനു തന്നെ ഭീഷണിയാകുന്നതിന്റെ ചിത്രമാണ് 'കുഞ്ഞേ മുലപ്പാൽ കുടിക്കരുത്' – വിശദമാക്കുക.

31) കാളിയമർദ്ദനത്തിലെ പ്രമേയം ആത്മശുദ്ധീകരണപരമായ ആത്മീയചിന്തയാണ് – സമർത്ഥിക്കുക.

**(6×4=24 മാർക്ക്)**

IV. **മൂന്ന്** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

32) വിരുദ്ധോക്തികൾ കൊണ്ട് ശക്തമായ സാമൂഹികവിമർശനം നിർവ്വഹിക്കുന്ന കവിതയാണ് 'എലികൾ' – വിശദമാക്കുക.

33) ഗോപികാദണ്ഡകം എന്ന കവിത രാധാ-കൃഷ്ണ പ്രണയസങ്കല്പത്തിനൊപ്പം സ്ത്രീ-പുരുഷ ബന്ധത്തിന്റെയും മനുഷ്യ-പ്രകൃതി ബന്ധത്തിന്റെയും ജൈവിക താളമാണ് പങ്കുവയ്ക്കുന്നത് – സമർത്ഥിക്കുക.

34) ശരീരനിഷ്ഠമായ പ്രേമസങ്കല്പം ഹൃദയ വിശുദ്ധിക്കു മുന്നിൽ പരാജയപ്പെടുന്നതിന്റെ ചിത്രമാണ് 'മനസ്വിനി' എന്ന കവിതയിൽ കാണുന്നത്. – വിശകലനം ചെയ്യുക.

35) മലയാള ഗാനകാവ്യസരണിയിലെ അമൂല്യനിധികളാണ് വടക്കൻപാട്ടുകൾ – വിശദീകരിക്കുക.

**(2×15=30 മാർക്ക്)**

---